(ബി) ഇല്ല.

(സി&ഡി) യൂണിറ്റ് മേധാവിയുടെ മുൻകൂർ അനുമതിയോടുകൂടി ഡ്യൂട്ടിക്ക് തടസ്സംവരാത്തരീതിയിൽ സ്റ്റേഷനുകളിൽ യോഗങ്ങൾ സംഘടിപ്പിക്കാറുണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ടിപ്പർ ലോറി അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടി

64 (T 1534) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടിപ്പർ ലോറി അപകടങ്ങൾമൂലം 2010-ൽ എത്ര പേർക്ക് ജീവഹാനി സംഭവിച്ചുവെന്നും എത്ര പേർക്ക് ഗുരുതരമായി പരിക്കേറ്റുവെന്നും വ്യക്തമാക്കുമോ ;

(ബി) 2011-ൽ ഇതുവരെ ഇപ്രകാരം എത്ര അപകടങ്ങൾ ഉണ്ടായി എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ടിപ്പർ ലോറികളുടെ അമിതവേഗം നിയന്ത്രിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) തിരക്കുള്ള സമയങ്ങളിൽ ടിപ്പർ ലോറികളുടെ സഞ്ചാരം നിയന്ത്രിക്കുന്നതിന് നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

ടിപ്പർ ലോറികൾ സൃഷ്ടിക്കുന്ന നിയമലംഘനങ്ങൾ തടയുന്നതിന് നടപടി

65 (T 1535) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010 വർഷത്തിൽ ടിപ്പർ ലോറികൾ ഉണ്ടാക്കിയ അപകടത്തിൽ മരണമടഞ്ഞവരുടെ എണ്ണം എത്രയാണ് ;

(ബി) ടിപ്പർ ലോറികൾ സൃഷ്ടിക്കുന്ന അപകടകരമായ നിയമലംഘനങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2010 വർഷത്തിൽ ടിപ്പർ ലോറികൾ ഉണ്ടാക്കിയ 661 അപകടങ്ങളിലായി 139 പേർ മരണമടഞ്ഞിട്ടുണ്ട്.

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടിപ്പർ ലോറികൾ ഓടുന്നത് സംബന്ധിച്ച സമയക്രമം അതാതു ജില്ലകളിലെ സ്കൂൾ സമയം അനുസരിച്ച് അതാത് ജില്ലാ കളക്ടറുമായി കൂടിയാലോചിച്ച് തീരുമാനിക്കണമെന്ന് നിർദ്ദേശം എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും/പോലീസ് കമ്മീഷണർമാർക്കും നൽകിയിട്ടുണ്ട്. കൂടാതെ വാഹനങ്ങളുടെ അമിതവേഗതമൂലം അപകടങ്ങൾ വർദ്ധിക്കുന്നതുതടയുന്നതിന് വാഹനപരിശോധന കർശനമാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അനുവദിക്കപ്പെട്ട സമയത്ത് കൂടുതൽ വാഹനങ്ങൾ ഉപയോഗപ്പെടുത്തി ജോലികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതുമാണ്.

ട്രാഫിക് നിയമ ലംഘനങ്ങൾ

66 (1536) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010 ജനുവരി മുതൽ 2011 ജനുവരി വരെയുള്ള കാലയളവിൽ ട്രാഫിക് നിയമ ലംഘനം നടത്തിയതിന് സംസ്ഥാനത്ത് എത്ര പേർക്കെതിരെ കേസെടുത്തുവെന്നതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തുതുക പിഴയിനത്തിൽ ലഭ്യമായിയെന്നതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം നൽകാമോ ;

(സി) ട്രാഫിക് നിയമ ലംഘനംമൂലം സംസ്ഥാനത്ത് കഴിഞ്ഞ മൂന്നു വർഷക്കാലയളവിൽ നടന്ന മരണങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) വർദ്ധിച്ചുവരുന്ന ട്രാഫിക് നിയമ ലംഘനങ്ങളും അതുമൂലം സംഭവിക്കുന്ന അപകടങ്ങളും നിയന്ത്രിക്കുന്നതിന് എന്തെങ്കിലും പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ & ബി) 2010 ജനുവരി മുതൽ 2011 ജനുവരി വരെയുള്ള കാലയളവിൽ ട്രാഫിക് നിയമലംഘനം നടത്തിയതിന് സംസ്ഥാനത്ത് എത്രപേർക്കെതിരെ കേസ്സെടുത്തുവെന്നതിന്റെ ജില്ല തിരിച്ചുള്ള വിശദാംശവും ഇതുമായി ബന്ധപ്പെട്ട് പിഴയിനത്തിൽ ലഭ്യമായ തുകയുടെ ജില്ലതിരിച്ചുള്ള വിശദാംശവും അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.*

(സി) ട്രാഫിക് നിയമലംഘനംമൂലം സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷ കാലയളവിൽ നടന്ന മരണങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം - II ആയി ചേർത്തിരിക്കുന്നു.*

(ഡി) ട്രാഫിക് നിയമ ലംഘനങ്ങളും അതുമൂലം സംഭവിക്കുന്ന അപകടങ്ങളും കുറയ്ക്കുന്നതിലേക്കായി അതാത് യൂണിറ്റിലെ എല്ലാ ഓഫീസർമാർക്കും കർശന നിർദ്ദേശം കൊടുത്തിട്ടുള്ളതാണ്. തിരക്കേറിയ സ്ഥലങ്ങളിൽ ഗതാഗതകുരുക്ക് ഒഴിവാക്കുന്നതിന് കോണുകളും റോഡ്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly